


## ആത്മീയതയുടെ വിമോചന, സേവന ദൗത്യം

**"ആശയ പ്രചാരണം** സാധാരണഗതിയിൽ താരതമ്യേന വൈജ്ഞാനിക ശേഷിയിൽ മികവു പുലർത്തുന്ന ഒരു ചെറിയ വിഭാഗത്തെ മാത്രമേ സ്വാധീനിക്കുകയുള്ളൂ. അതിനാൽ ഏതൊരു ആദർശ പ്രസ്ഥാനത്തിനും അത് ലക്ഷ്യം വെക്കുന്ന സാമൂഹിക മാറ്റത്തെക്കുറിച്ച് ജനങ്ങളിൽ പ്രതീക്ഷ ജനിപ്പിക്കുന്ന തരത്തിലുള്ള ജനകീയ പ്രവർത്തനങ്ങളെ ആശ്രയിക്കുകയല്ലാതെ ജനങ്ങളുടെ പൊതുബോധത്തെ സ്വാധീനിക്കുന്നതിന് മറ്റു കുറുക്കുവഴികളൊന്നുമില്ല. ജനങ്ങളുടെ അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള പോരാട്ടങ്ങൾ, സേവന പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ജനങ്ങളുടെ പൊതുബോധത്തെ സ്വാധീനിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗങ്ങൾ" (ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ബഹുജനാടിത്തറ വിപുലീകരിക്കുമ്പോൾ, ലക്കം 48). കെ.ടി ഹുസൈന്റെ ഈ നിരീക്ഷണം വളരെ ശ്രദ്ധേയമാണ്. വ്യക്തികളെന്ന നിലക്കു മാത്രമല്ല, ഒരു സമൂഹമെന്ന നിലക്കും ഇസ്‌ലാമിനെ ജനങ്ങൾക്കിടയിൽ പ്രതിനിധീകരിക്കാൻ മുസ്‌ലിം സമൂഹത്തിന് കഴിഞ്ഞാലേ ഇസ്‌ലാമിക പ്രബോധനം ഫലപ്രദമാവൂ. അപ്പോഴേ, ഇസ്‌ലാമിക പ്രവർത്തനത്തെ ഇസ്‌ലാമിക പ്രബോധനമെന്ന് പറയാനാവൂ.

ലഘുലേഖകളും പുസ്തകങ്ങളും പ്രചരിപ്പിക്കൽ, സ്ക്വാഡ് വർക്കുകൾ, പ്രഭാഷണങ്ങൾ എന്നിവ ഇസ്‌ലാമിക പ്രബോധനത്തിന്റെ ഒരു വശം മാത്രമാണ്. സമരോത്സുകതയുള്ള വിമോചക സംഘം, ഉയർന്ന ചിന്താശേഷിയുള്ള ധൈഷണിക സമൂഹം, കാരുണ്യം പ്രസരിപ്പിക്കുന്ന സേവന കൂട്ടായ്മ- ഈ മൂന്നു സവിശേഷതകളും ഒത്തുചേർന്നപ്പോഴാണ് പ്രവാചകന്റെ കാലത്തെ വിശ്വാസിസമൂഹത്തിന് ഒരു മാതൃകാ പ്രബോധകസംഘമായി മാറാൻ കഴിഞ്ഞത്. സമൂഹത്തിൽ നിലനിന്ന ഉച്ചനീചത്വങ്ങൾക്കും തൊട്ടുകൂടായ്മകൾക്കും ബദലായി ഇസ്‌ലാമിക സമത്വം പൂർണമായി ഉൾക്കൊള്ളുന്ന ഒരു സംഘത്തെ വാർത്തെടുക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് സൂഫിവര്യന്മാർക്ക് ഇസ്‌ലാം പ്രചരിപ്പിക്കാൻ കഴിഞ്ഞത്. തങ്ങളുടെ ആശയങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു രാഷ്ട്രീയ വ്യവസ്ഥ പോരാട്ടത്തിലൂടെ പടുത്തുയർത്തിയതു കൊണ്ടാണ് മുഹമ്മദുബ്നു അബ്ദുൽ വഹാബിന്റെ നേതൃത്വത്തിലുള്ള സംഘത്തിന് ഇസ്‌ലാഹീ ആദർശം പ്രചരിപ്പിക്കാൻ കഴിഞ്ഞത്. നമ്മുടെ മുമ്പത്തെ തലമുറ ലോകമെങ്ങും കൊളോണിയൽ വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം നൽകിയത് ആശയ പ്രചാരണത്തിലൂടെ മാത്രമായിരുന്നില്ല. മറിച്ച്, മികച്ച രാഷ്ട്രീയ നീക്കങ്ങൾ നടത്തിയും സേവന പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ കണ്ണീരൊപ്പിയുമാണ്.

മതേതര ഭൂമികയിൽനിന്ന് ഒരു വിമോചകസംഘത്തെ ജനങ്ങളിൽ നല്ലൊരു ശതമാനവും ഇന്ന് പ്രതീക്ഷിക്കുന്നില്ല. ഈ അവസരം മുതലെടുത്തുകൊണ്ടാണ് ആത്മീയ രംഗത്തെ കള്ളനാണയങ്ങൾ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ജനങ്ങൾ വിശ്വാസ പ്രതിസന്ധിയിൽ പെട്ടുഴലുന്ന ഈ സന്ദർഭത്തിന്റെ ഗൗരവം മനസ്സിലാക്കാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് കഴിയണം. കാലങ്ങളായി തുടർന്നുവരുന്ന ആശയ പ്രചാരണോപാധികളെ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതോടൊപ്പം, ആത്മീയതയുടെ വിമോചന ദൗത്യവും സേവന ദൗത്യവും പ്രവൃത്തിയിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയണം.

**ഹനീഫ് വളാഞ്ചേരി**

## പ്രവാചകന്മാരുടെ വഴി തെരഞ്ഞെടുക്കട്ടെ

**ആൾദൈവങ്ങളുടെ** തട്ടിപ്പുകൾ ഒന്നിനു പിറകെ ഒന്നായി പുറത്തുവന്നുകൊണ്ടിരിക്കുകയാണല്ലോ. കേരളത്തിൽ ആൾദൈവങ്ങൾ കൂണുകൾ പോലെ തഴച്ചുവളരുകയായിരുന്നു. ആൾദൈവങ്ങളെ വളർത്തിയതിൽ മാധ്യമങ്ങളുടെ പങ്ക് ചെറുതല്ല. ഊട്ടിയ കൈകൾതന്നെ ഉദകക്രിയയും ചെയ്യുന്ന കാഴ്ചയാണ് ഇപ്പോൾ നാം കാണുന്നത്.

ആൾദൈവങ്ങളുടെ മന്ത്രതന്ത്രങ്ങൾക്കു മുമ്പിൽ എളുപ്പം വശംവദരാകുന്ന മാനസികാവസ്ഥയാണ് ജനങ്ങൾക്കുള്ളത്. സ്വയം ദൈവമെന്ന് അവകാശപ്പെടുകയും ആളുകളുടെ അന്ധവിശ്വാസത്തെ ചൂഷണം ചെയ്ത് കോടിക്കണക്കിന് സ്വത്തുക്കൾ വാരിക്കൂട്ടുകയുമാണ് ആൾദൈവങ്ങൾ ചെയ്യുന്നത്. ശീതീകരിച്ച ആഡംബര കാറുകളിലേ ഇവർ സഞ്ചരിക്കാറുള്ളൂ. ഇവർ നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന വിദേശ സഞ്ചാരങ്ങൾ ദുരൂഹമാണ്.

സ്വാർഥതയുടെ ആൾരൂപങ്ങളായ ഇത്തരം കപടദൈവങ്ങളിൽനിന്ന് എത്ര വ്യത്യസ്തരായിരുന്നു നിസ്വാർഥതയുടെ മൂർത്തീമദ്ഭാവങ്ങളായ ദൈവനിയുക്തരായ പ്രവാചകന്മാർ. ദുർബല മനസ്കരായ ആളുകൾ ആരാധിച്ചുപോകുമെന്ന് ഭയന്ന് സ്വന്തം ചിത്രങ്ങളോ പ്രതിമകളോ ഉണ്ടാക്കുന്നതുപോലും കർശനമായി വിലക്കിയ അന്ത്യപ്രവാചകനായ മുഹമ്മദ് നബി ജനമനസ്സുകളിൽ ഇന്നും കുടികൊള്ളുന്നത് ദൈവമാർഗത്തിലുള്ള നിഷ്കപടമായ ആത്മസമർപ്പണം കൊണ്ടു മാത്രമാണ്.

**വിനോദ് കുമാർ എടച്ചേരി**

## മനുഷ്യനെ ദൈവമാക്കുന്ന അബദ്ധം

***പ്രബോധനം*** സ്ഥിരമായി വായിക്കുന്ന ഒരാളാണ് ഞാൻ. 'ദൈവത്തിന്റെ അർഥശാസ്ത്രം' എന്ന സജീദ്ഖാൻ പനവേലിന്റെ കത്ത് വളരെ നന്നായിരിക്കുന്നു (ലക്കം 1). പദങ്ങളുടെ ശരിയായ പ്രയോഗംകൊണ്ട് ചിന്താഗതി വളരെയേറെ ശരിയാക്കാൻ കഴിയും. ആൾദൈവത്തിലെ 'ആൾ'ഉം 'ദൈവ'വും, ആൾ ആകുന്ന ദൈവം എന്നു വിഗ്രഹിച്ചർഥം കൽപിച്ചാൽ അത് തെറ്റാണെന്ന് ആർക്കുമറിയാം. മനുഷ്യനെ ദൈവമായി ആരാധിക്കുന്നത് തെറ്റുതന്നെയാണ്. ഓരോ മനുഷ്യനും പ്രപഞ്ചത്തിന്റെ ഒരു ചെറിയ അംശം മാത്രമാണ്. ആ മനുഷ്യന് ഒരിക്കലും മുഴുവൻ പ്രപഞ്ചത്തെയും ഉൾക്കൊള്ളുന്ന ദൈവമാകാൻ കഴിയില്ല. ഒരു മനുഷ്യൻ പ്രപഞ്ചനാഥനാണെ

ങ്കിൽ, അയാൾക്ക് പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കാൻ കഴിയേണ്ടതല്ലേ? ഒരു മനുഷ്യന്, അവൻ എത്ര കഴിവുള്ളവനായാലും അതിന് ഒരിക്കലും കഴിയില്ല.

**കെ. പ്രവീൺ കുമാർ കുന്ദമംഗലം**

## മനുഷ്യദൈവങ്ങളുടെ സംഘബലം

**'ആത്മീയ** മാഫിയ അരങ്ങുവാഴുമ്പോൾ' (ലക്കം 50) വായിച്ചു. സമാധാനവും ശാന്തിയും തേടി മനുഷ്യൻ യഥാർഥ ദൈവത്തിലേക്ക് തിരിക്കുന്നതിനു പകരം കപട ആത്മീയ ആചാര്യന്മാരെ തേടിപ്പോവുകയാണ്. ഉറുക്കും മന്ത്രവും ഏലസ്സുകളുമായി ക്രിമിനലുകളും മീൻ വിൽപനക്കാരും കൂലിപ്പണിക്കാർ വരെ ഇത്തരക്കാരെ വലയിലാക്കാൻ ഇറങ്ങിയിരിക്കുകയാണ്.

സാന്ത്വനവും ശാന്തിയും വാഗ്ദാനം ചെയ്തുകൊണ്ട് അമ്മ ദൈവങ്ങളും, രോഗശാന്തി തേടുന്നവർക്ക് ശ്വസനക്രിയകളും പ്രാർഥനാഘോഷങ്ങളുമായി മറ്റൊരു കൂട്ടരും അരങ്ങുതകർക്കുന്നു. കടൽകടന്നു പോയവർ അധ്വാനിച്ചുണ്ടാക്കുന്ന കോടികളാണ് ഇവർ പിടുങ്ങുന്നത്. ഈ മനുഷ്യദൈവങ്ങൾക്ക് താങ്ങും തണലും നൽകിയത് രാഷ്ട്രീയക്കാരും ചില മതനേതൃത്വങ്ങളും നീതിപാലകരുമാണെന്ന് എല്ലാവർക്കുമറിയാം.

ഇടതും വലതും മുന്നിലും പിന്നിലും, ഫാഷിസ്റ്റു സംഘവും പൗരോഹിത്യവും ഇടത്തും വലത്തുമായി സംരക്ഷണം നൽകുന്ന ഈ കപട സന്യാസികൾക്കെതിരെ പോരാടാൻ കൊച്ചു സംഘങ്ങളായ നവോത്ഥാന പ്രസ്ഥാനങ്ങൾ മാത്രമേയുള്ളൂ.

**പി. അമീർ പത്തായക്കാട്**

## ജ്യോതിഷം എന്ന തട്ടിപ്പ്

**ആത്മീയ** മാഫിയയെക്കുറിച്ചുള്ള സ്വദ്റുദ്ദീൻ വാഴക്കാടിന്റെ ലേഖനം(ലക്കം 50) ശ്രദ്ധേയമായി. 'ജ്യോതിഷമാണ് ആത്മീയ തട്ടിപ്പുകളുടെ പ്രധാന അടിത്തറ' എന്ന പരാമർശം വായിച്ചപ്പോൾ, അത് നൂറു ശതമാനവും ശരിവെക്കുന്ന ഒരു കുറിപ്പാണ് ഓർമയിൽ വന്നത്. സാഹിത്യകാരനായ ആനന്ദ് എഴുതുന്നു: "ദില്ലിയിലെ 'കഥ' എന്ന പ്രസാധകർ മറാഠിയിലെ വിശ്രുത നാടകകൃത്തായ വിജയ് ടെണ്ടുൽക്കറുമായി ഒരു സംവാദം സംഘടിപ്പിക്കുകയുണ്ടായി. അദ്ദേഹം നാടകത്തിലേക്ക് പ്രവേശിച്ചതിന്റെ പശ്ചാത്തലത്തെക്കുറിച്ച് സദസ്യരിൽനിന്ന് ഒരാൾ ചോദിച്ചപ്പോൾ ടെണ്ടുൽക്കർ പത്രപ്രവർത്തകനായി ജോലി ചെയ്തിരുന്ന കാലത്തെ തന്റെ ഒരു അനുഭവം വിവരിച്ചു. പത്രത്തിലെ ജ്യോതിഷ പംക്തിയായിരുന്നു അദ്ദേഹത്തിന്റെ ഒരു ചുമതല. ജ്യോതിഷികളിൽനിന്ന് നക്ഷത്രഫലം പലപ്പോഴും സമയത്തിന് കിട്ടാറില്ല. അങ്ങനെ വരുമ്പോൾ നക്ഷത്രഫലം അദ്ദേഹം സ്വയം എഴുതിച്ചേർക്കുകയായിരുന്നു പതിവ്. ജ്യോതിഷത്തെപ്പറ്റി തനിക്ക് വിവരമൊന്നും ഇല്ലായിരുന്നുവെന്നും പഴയ പംക്തികൾ നോക്കി പ്രവചനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മറിച്ചിടുകയാണ് താൻ ചെയ്തിരുന്നതെന്നും അദ്ദേഹം പറഞ്ഞു. സദസ്യരുടെ ചിരി ഒതുങ്ങിയപ്പോൾ അദ്ദേഹം തന്റെ കൃത്യത്തിന് കലയുടെ വശത്തുനിന്നുള്ള വ്യാഖ്യാനം നൽകി. പത്രമോഫീസിൽ താൻ ഒരു 'റോൾ' അഭിനയിക്കുകയായിരുന്നുവെന്നും തന്റെ ജീനുകളിൽ ഉണ്ടായിരുന്ന നാടകത്തെ ഇത്തരം അനുഭവങ്ങൾ പുഷ്ടിപ്പെടുത്തുവാൻ കാരണമായിട്ടുണ്ടാകാമെന്നും" (*മാതൃഭൂമി* ആഴ്ചപതിപ്പ്, 2001 ഒക്ടോബർ 28 നവംബർ 3).

**കെ.പി ഇസ്മാഈൽ**
**കണ്ണൂർ**

## സോളിഡാരിറ്റിയും ശവസംസ്കാരവും

**സൂനാമി** ദുരന്തവേളയിൽ ദുരിതാശ്വാസ രംഗത്തിറങ്ങിയ സോളിഡാരിറ്റി പ്രവർത്തകർ ശവസംസ്കാര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകവേ, അതത് സമുദായക്കാരുടെ ആചാരങ്ങൾക്കു വേണ്ട ഒരുക്കങ്ങൾക്ക് സഹായം നൽകിയതിനെ സി.ആർ നീലകണ്ഠൻ ലേഖനത്തിൽ (ലക്കം 48) പരാമർശിച്ചിരുന്നല്ലോ. ഇത് ദുർവ്യാഖ്യാനത്തിനെന്നോണം ആശ്ചര്യചിഹ്നമിട്ട് നൽകിയിരിക്കുന്നു *ശബാബ്* വാരിക(മെയ് 30 പേജ് 2). ഇത്തരം വിഷയങ്ങൾക്ക് ബഹുസ്വര സമൂഹത്തിലുള്ള 'സെൻസിറ്റിവിറ്റി' ബോധ്യമുള്ളതുകൊണ്ടോ പതിവുശൈലിയിൽ ഒരു നെടുനീളൻ ജമാഅത്ത് വിമർശനത്തിന് സ്കോപ്പില്ലാത്തതുകൊണ്ടോ ലേഖനഭാഗം ഉദ്ധരണിയായി പ്രസിദ്ധീകരിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവരുടെ വേദന നെഞ്ചേറ്റുവാങ്ങി നിസ്വാർഥമായി അവരുടെ കണ്ണീരൊപ്പാനാണ് സോളിഡാരിറ്റി-ഐ.ആർ.ഡബ്ല്യൂ പ്രവർത്തകർ മുന്നോട്ടുവന്നത്. ദുരന്തഭൂമിയിൽ സേവന സന്നദ്ധരായി വന്നവർ ശവസംസ്കാരത്തിനും മറ്റും നേതൃത്വം നൽകുമ്പോൾ അനുബന്ധമായുള്ള ആചാരങ്ങളിൽ ആ സഹായഹസ്തങ്ങൾ പിൻവലിച്ച് മാറിനിൽക്കുന്നത് ഇസ്‌ലാം അനുശാസിക്കുന്ന യുക്തിദീക്ഷക്ക് നിരക്കുന്നതാണോ? ഏകനായ അല്ലാഹുവിനെ ആരാധിക്കാനായി പണിത പള്ളിയിൽ നജ്റാനിലെ ക്രൈസ്തവ പ്രമുഖർക്ക് ആരാധനാ സ്വാതന്ത്ര്യം നൽകിയ പ്രവാചകന്റെ നടപടിയിൽ നമുക്ക് മാതൃകയുണ്ട്.

**മുഹമ്മദ് ബശീർ മാഹി**

## ചുരുക്കെഴുത്ത്

**ഡോ. ഇഖ്തിയാറുദ്ദീൻ** ബാഗ്സിറാജുമായുള്ള അഭിമുഖം (ലക്കം 49) ശ്രദ്ധേയമായ നിർദേശമാണ് സമർപ്പിക്കുന്നത്. ഇന്ത്യയിലെ ഇസ്‌ലാമിക ബാങ്കിംഗ് സഹകരണ സംഘങ്ങളിൽനിന്ന് തുടക്കം കുറിക്കണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായം പ്രായോഗികവും കാലഘട്ടത്തിന്റെ ആവശ്യവുമാണ്.

**വി.എം റഹീം മസ്കത്ത്**

**ആത്മീയതയുടെ** പേരിലുള്ള കള്ളത്തരങ്ങൾ പുറത്തുകൊണ്ടുവരാൻ സന്തോഷ് മാധവനെ അറസ്റ്റു ചെയ്യുന്നതുവരെ സമൂഹം കാത്തിരുന്നത് എന്തുകൊണ്ടാണ്? പ്രതികരണശേഷി നഷ്ടപ്പെട്ടതിന്റെ അനന്തരഫലമാണിത്. നേരത്തേ ഉണർന്നു പ്രവർത്തിച്ചിരുന്നെങ്കിൽ ആയിരക്കണക്കിനാളുകളെ കപടന്മാരിൽനിന്ന് രക്ഷപ്പെടുത്താനാകുമായിരുന്നു.

**ടി.ബി അശ്റഫ് തായിക്കാട്ടുകര**